3745
5/1/18



**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - അസംരക്ഷിത വനഭൂമിയിലെ (Non Reserve Forest) കൃഷി, പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

**സ.ഉ.(കൈ)നം. 167/2017/കൃഷി** **തീയതി, തിരുവനന്തപുരം, 28/12/2017.**

---

പരാമർശം:- (1) സ.ഉ.(എം.എസ്.)നം.37/2017/കൃഷി തീയതി: 22-03-2017

(2) സ.ഉ.(എം.എസ്.)നം.1192/2017/കൃഷി തീയതി: 13-12-2017

(3) കൃഷി ഡയറക്ടറുടെ 01-11-2017-ലെ റ്റി.പി.(2) 39068/2017 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം 1 പ്രകാരം സംസ്ഥാനത്തെ എല്ലാ പ്രധാന കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2). പരാമർശം 2 പ്രകാരം ചെറുധാന്യങ്ങൾ, മാവ് എന്നിവയെ ഉൾപ്പെടുത്തി പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3). നാട്ടിലെ കൃഷിയോഗ്യമായ ഭൂമിക്ക് പുറമേ വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിലും (Non Reserve Forest) വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ഹ്രസ്വകാല / വാർഷിക വിളകൾ കൃഷി ചെയ്തുവരുന്നുണ്ടെന്നും എന്നാൽ ഈ പ്രദേശങ്ങളിലെ കൃഷിക്ക് നിലവിൽ വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷ ലഭിക്കുന്നില്ലെന്നും ഈ പ്രദേശങ്ങളിലെ ഹ്രസ്വകാല / വാർഷിക വിളകളുടെ കൃഷിയെക്കൂടി ചുവടെ പറയുന്ന മാനദണ്ഡങ്ങൾക്ക വിധേയമായി ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരണമെന്നും കൃഷി ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ സമർപ്പിക്കുകയുണ്ടായി.

1. വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനഭൂമിയിൽ (Non Reserve Forest) കൃഷി ചെയ്യുന്ന കർഷകർക്ക് പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷ ലഭിക്കുന്നതാണ്.
2. ഹ്രസ്വകാല വിളകൾക്കും വാർഷിക വിളകൾക്കും മാത്രം ഇത്തരം ഭൂമിയിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയും വൃക്ഷവിളകൾ ഈ പദ്ധതിയിൽ ഉൾപ്പെടുകയുമില്ല.
3. അസംരക്ഷിത വനഭൂമിയിൽ (Non Reserve Forest) കൃഷി ചെയ്യുന്നതിന് സീസൺ തുടങ്ങുന്നതിന് മുൻപ് വനംവകുപ്പിന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.
4. ഇൻഷ്വർ ചെയ്യുന്ന വിള ഉൾപ്പെടുന്ന കൃഷിഭൂമി ഇൻഷ്വർ ചെയ്യുന്നതിനു മുൻപായി കൃഷി-വനം

വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതും സ്ഥലത്തിന്റെ എല്ലുക വ്യക്തമാക്കുന്ന റഫ് ഡയഗ്രം / ലൊക്കേഷൻ സ്കെച്ച് അപേക്ഷയോടൊപ്പം തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

5. കർഷകരുടെ സത്യപ്രസ്താവന അനുബന്ധമായി ചേർത്തിരിക്കുന്ന ഫോറത്തിൽ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

6. അസംരക്ഷിത വനഭൂമിയിൽ (Non Reserve Forest) കൃഷി ചെയ്യുന്ന ഹ്രസ്വകാല / വാർഷിക വിളകളെ ഇൻഷ്വർ ചെയ്യുന്നതിന് വനം വകുപ്പ് - കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ സംയുക്ത സ്ഥലപരിശോധന നടത്തിയ സ്ഥലവിസ്തീർണ്ണം ഉൾപ്പെടുന്ന സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

7. പദ്ധതി മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പ്രീമിയം അടച്ച് ഒരാഴ്ച്ചയ്ക്കു ശേഷം മാത്രം കർഷകന് ഇൻഷ്വറൻസ് അംഗത്വം ലഭിക്കുകയും പ്രീമിയം തുക അടച്ച് രണ്ടാഴ്ച കഴിഞ്ഞുണ്ടാകുന്ന കൃഷി നാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയും ചെയ്യും.

8. ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ലൊക്കേഷൻ സ്കെച്ച്, പോളിസി സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

4). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ (Non Reserve Forest) വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വകാല / വാർഷിക വിളകളുടെ കൃഷിയെക്കൂടി മുകളിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്കു വിധേയമായി ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ടീക്കാ റാം മീണ,**
**പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം.
പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് വകുപ്പ്.
ധനകാര്യവകുപ്പ്.
വനം, വന്യജീവി വകുപ്പ്
സഹകരണ വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**എൻ.ആർ.എഫ് ഭൂമിയിലെ കൃഷിക്ക് വിള ഇൻഷ്വറൻസ് പദ്ധതിയിൽ**

**അംഗമാകുന്നതിനുള്ള അപേക്ഷാ ഫോറം**

1. അപേക്ഷകന്റെ പേരും വിലാസവും :
2. കൃഷിഭവന്റെ പേര് :
3. കൃഷിഭൂമിയുടെ വിസ്തൃതിയും സർവ്വേ നമ്പരും :
4. കൃഷിഭൂമി സ്വന്തമോ പാട്ടത്തിനോ :
5. കൃഷിചെയ്തിട്ടുള്ള വിളകളുടെ പേര്/എണ്ണം/വിസ്തൃതി :
6. വിളകളുടെ പ്രായം :
7. കഴിഞ്ഞ മൂന്നു കൊല്ലങ്ങളിലെ ഉല്പാദനം :
(വർഷം തിരിച്ച്)
8. കർഷന്റെ വാർഷിക വരുമാനം :
9. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കൃഷിഭൂമിയുടെ
വിസ്തീർണ്ണം/എണ്ണം :

**സത്യപ്രസ്താവന**

മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിക്കുന്നു. ഞാൻ കൃഷിചെയ്യാൻ തിരഞ്ഞെടുത്തിരിക്കുന്ന സ്ഥലം എൻ.ആർ.എഫ് ഭൂമിയാണെന്നും ഇൻഷ്വർ ചെയ്യുന്നതു മൂലം ടി ഭൂമിയിൽ എന്തെങ്കിലും പ്രത്യേകം അവകാശം ലഭിക്കുകയില്ലെന്നും ഭൂമിയിൻമേലുള്ള അവകാശങ്ങൾ കോടതി വ്യവഹാരത്തിനോ മറ്റു ആവശ്യങ്ങൾക്കോ ഇൻഷ്വറൻസ് പോളിസി ഉൾപ്പെടെയുള്ള രേഖകൾ ഉപയോഗിക്കില്ലെന്നും ഇതിനു വിപരീതമായി പ്രവർത്തിച്ച് സർക്കാരിന് എന്തങ്കിലും നഷ്ടമുണ്ടാക്കുന്ന പക്ഷം ആയതും പലിശയോടുകൂടി എന്നിൽ നിന്ന് ഈടാക്കുന്നതിന് ഞാൻ പരിപൂർണ്ണമായി സമ്മതിച്ച് കൊള്ളുന്നു.

സ്ഥലം :

തീയതി : കൃഷിക്കാരന്റെ ഒപ്പ്

കൃഷി ഓഫീസറുടെ :
പരിശോധനാ റിപ്പോർട്ട് കൃഷി ഓഫീസറുടെ ഒപ്പ്

ഉത്തരവിറക്കുന്നത്:- കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ/പ്രിൻസിപ്പൽ കൃഷി ഓഫീസർ/കൃഷി ഡയറക്ടർ